"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (MDA) പദ്ധതി - 2025 - 2026 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതം - 5 കോടി രൂപയ്ക്ക് ഭരണാനുമതിയും ധനാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1518/2025/ID തീയതി, തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. സ.ഉ (സാധാ) നമ്പർ 1170/2025/ID തീയതി 03/09/2025.
2. കയർ വികസന ഡയറക്ടറുടെ 01/11/2025 ലെ ഡി.സി.ഡി/ 313/ 2025 - സി പി 5 നമ്പർ കത്ത്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (MDA) പദ്ധതിക്കായി സംസ്ഥാന വിഹിതമായി ആകെ 10 കോടി രൂപ വകയിരുത്തിയിരുന്നതിൽ, പരാമർശം (1) പ്രകാരം ആദ്യ ഗഡുവായി 5 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു.

2. കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഇനിയും തുക അനുവദിക്കേണ്ടതുള്ള സാഹചര്യത്തിൽ, മാർക്കറ്റ് ഡവലപ്മെന്റ് അസ്സിസ്റ്റൻസ് (MDA) പദ്ധതിക്കായി സംസ്ഥാന വിഹിതമായി വകയിരുത്തിയതിൽ, നിലവിൽ അനുവദിച്ച തുക കഴിച്ച് ബാക്കിയുള്ള 5 കോടി രൂപ കൂടി റിലീസ് ചെയ്യണമെന്ന് കയർ വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഈ ആവശ്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ് ഡവലപ്മെന്റ് അസ്സിസ്റ്റൻസ് (MDA) പദ്ധതിക്കായി 2851-00-106-92-02 (P) ശീർഷകത്തിൽ നീക്കിയിരിപ്പുള്ള 5 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതിയും ധനാനുമതിയും നൽകി ഉത്തരവാകുന്നു.

4. പ്രസ്തുത തുക റിലീസ് ചെയ്ത്, കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും, ലഭ്യമായിട്ടുള്ള അപേക്ഷകളുടേയും പദ്ധതി മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നതിന് കയർ വികസന

ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

5. സംസ്ഥാന വിഹിതത്തിന് തത്തുല്യമായി, കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ കയർ വികസന ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഐ & പി ഡബ്ല്യ-എ) വകുപ്പ്
(I&PW-A3/53/2025-Fin dated 10/12/2025 പ്രകാരം)
ധനകാര്യ (GIMC) വകുപ്പ്
ട്രഷറി ഓഫിസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E2/71/2025-IND)

ഉത്തരവിൻ പ്രകാരം

Signed by
Vidya Raj P
Date: 18-12-2025 16:37:24